"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - പാലക്കാട് ജില്ലയിലെ വല്ലപ്പുഴ ഗ്രാമപഞ്ചായത്തിലെ ചൂരക്കോട് പഞ്ചാരത്തുപടിയിൽ ശ്രീ. കൃഷ്ണകുമാറിനെ ലൈഫ് ഭവന പദ്ധതിയുടെ ഭൂമിയുള്ള ഭവനരഹിതരുടെ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡിഇ)വകുപ്പ്**

സ.ഉ.(സാധാ) നം.611/2026/LSGD തീയതി,തിരുവനന്തപുരം, 06-03-2026

---

പരാമർശം:-
1. ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 22/12/2025 ലെ എൽ.എം/77/2025-എൽ.എം 6 നമ്പർ കത്ത്
2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 23/02/2026 ലെ യോഗത്തിന്റെ ഖണ്ഡിക (4.40) തീരുമാനം

**<u>ഉത്തരവ്</u>**

പാലക്കാട് ജില്ലയിലെ വല്ലപ്പുഴ ഗ്രാമപഞ്ചായത്തിലെ ചൂരക്കോട് പഞ്ചാരത്തുപടിയിൽ ശ്രീ. കൃഷ്ണകുമാർ ലൈഫ് പദ്ധതിയുടെ ഭൂരഹിത ഭവന രഹിത പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി ലൈഫ് 2020 ൽ അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ സ്വന്തമായി ഭൂമിയുള്ളതിനാൽ ടിയാന്റെ അപേക്ഷയും അപ്പീലപേക്ഷയും നിരസിച്ചിരുന്നു. പരിശോധനയിലെ പിഴവുമൂലമാണ് ലൈഫ് പട്ടികയിൽ പരിഗണിക്കാതിരുന്നതെന്നും, ടിയാനെ ലൈഫ് പദ്ധതിയുടെ ഭൂമിയുള്ള ഭവന രഹിത പട്ടികയിൽ ഉൾപ്പെടുത്താവുന്നതാണെന്ന് പരാമർശം 1 പ്രകാരം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ലൈഫ് മിഷൻ ശിപാർശ ചെയ്തു.

2. മേൽപരാമർശം -2 പ്രകാരം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 23/02/2026 ലെ യോഗം ഈ വിഷയം പരിശോധിക്കുകയും ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ ശിപാർശ പരിഗണിച്ച്, ശ്രീ. കൃഷ്ണകുമാർ ന്റെ കുടുംബത്തെ ലൈഫ് ഭവന പദ്ധതിയുടെ ഭൂമിയുള്ള ഭവനരഹിത പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് തീരുമാനിക്കുകയും ചെയ്തിരുന്നു. പാലക്കാട് ജില്ലയിലെ വല്ലപ്പുഴ ഗ്രാമപഞ്ചായത്തിലെ ചൂരക്കോട് പഞ്ചാരത്തുപടിയിൽ ശ്രീ. കൃഷ്ണകുമാറിനെ ലൈഫ് ഭവന പദ്ധതിയുടെ ഭൂമിയുള്ള ഭവനരഹിതരുടെ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം

സെക്രട്ടറി, വല്ലപ്പുഴ ഗ്രാമപഞ്ചായത്ത് , പാലക്കാട്

ശ്രീ. കൃഷ്ണകുമാർ , ചൂരക്കോട്(സെക്രട്ടറി,വല്ലപ്പുഴ ഗ്രാമപഞ്ചായത്ത് മുഖേനെ)

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ്ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ& ഇ)/ഓഡിറ്റ്), തിരുവനന്തപുരം

തദ്ദേശ സ്വയംഭരണ(ഡി എ) വകുപ്പ്.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ, ഐ&പി.ആർ.ഡി, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sheeba. S. C
Date: 07-03-2026 11:52:02
സെക്ഷൻ ഓഫീസർ